# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1332. | 06-03-2020 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീമതി യു. പ്രതിഭ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കഴിഞ്ഞ നാലു വർഷങ്ങളിലായി നടപ്പിലാക്കിവരുന്ന സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600/- രൂപ സബ്സിഡി നൽകി വരുന്നു. ഇതിനു പുറമെ, പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, റസിഡന്റ്സ് അസ്സോസിയേഷനുകളിലും, മത/ സാംസ്കാരിക സ്ഥാപനങ്ങളിലും മറ്റും കൃഷി ചെയ്യുന്നതിനും 2017-18, 2018-19 വർഷങ്ങളിൽ സമഗ്ര നെൽ കൃഷി വികസനം പദ്ധതിയിൽ വ്യവസ്ഥയുണ്ടായിരുന്നു.<br>തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലാണ് കരനെൽകൃഷിക്ക് കൂടുതൽ ശ്രദ്ധ ചെലുത്തിയത്. മറ്റ് ജില്ലകളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടത്തുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ? | (ബി) | 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. 2017-18 ൽ 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യുന്നുദ്ദേശി-ച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ കൃഷി ചെയ്തു. 2018-19 സാമ്പത്തിക വർഷം ഒന്നാം വിള കാലത്ത് നിലനിന്നിരുന്നത് പ്രതികൂലമായ കാലാവസ്ഥയായിരുന്നു. എന്നിട്ടും, 4880.919 ഹെക്ടറിൽ കര നെല്ല് |

| | | | |
|---|---|---|---|
| | | | കൃഷി ചെയ്യാൻ സാധിച്ചു. നടപ്പു സാമ്പത്തിക വർഷം 2683.82 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി നടപ്പാക്കുന്നതിനു 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 2399.76 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്തുകഴിഞ്ഞു. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | 2016-17 (ഹെക്ടർ) | 2017-18 (ഹെക്ടർ) | 2018-19 (ഹെക്ടർ) | 2019-20 (നാളിതു വരെ) (ഹെക്ടർ) |
|---|---|---|---|---|
| തിരുവനന്തപുരം | 251.125 | 210.38 | 69.88 | 237.3 |
| കൊല്ലം | 320 | 255.401 | 160.096 | 296.82 |
| പത്തനംതിട്ട | 120 | 142.02 | 31.219 | -- |
| ആലപ്പുഴ | 44.996 | 97.66 | 3650.31 | 40.86 |
| കോട്ടയം | 114 | 100.98 | 50.84 | 2.94 |
| ഇടുക്കി | 100 | 50 | 12.17 | 2.67 |
| എറണാകുളം | 91.495 | 93.89066 | 42.54 | 10.21 |
| തൃശ്ശൂർ | 575 | 461 | 149.87 | 310.83 |
| പാലക്കാട് | 180.147 | 112.8794 | 178.63 | 134.01 |
| മലപ്പുറം | 218.46 | 327 | 133.94 | 315.04 |
| കോഴിക്കോട് | 473.24 | 485 | 154.29 | 485.86 |
| വയനാട് | 34.45 | 33.877 | -- | -- |
| കണ്ണൂർ | 129.179 | 187.553 | 190.51 | 507.92 |
| കാസർഗോഡ് | 100 | 67 | 56.63 | 55.3 |
| **ആകെ** | **2752.092** | **2624.64106** | **4880.919** | **2399.76** |

സെക്ഷൻ ഓഫീസർ